REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 13-12-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- തമിഴ്നാട് ദിണ്ടിഗലിൽ സ്വകാര്യ ആശുപത്രിയിൽ വൻ തീപിടിത്തത്തിൽ ഏഴു പേർ മരിച്ചു.
- പാലക്കാട് പനയംമ്പാടത്ത് ലോറി ദേഹത്തേക്ക് മറിഞ്ഞ് മരിച്ച നാല് വിദ്യാർത്ഥിനികളുടെയും ഖബറടക്കം ഇന്ന്.
- ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് രണ്ട് ദിവസത്തെ പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നാരംഭിക്കും.
- ദുരന്ത നിവാരണ ഭേദഗതി ബിൽ ലോക്സഭ പാസാക്കി.
- ലോക ചെസ് ചാമ്പ്യൻഷിപ്പ് നേടിയ ഗുകേഷിനെ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു.
- 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള വൈകിട്ട് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- ISL ഫുട്ബോളിൽ ഒഡീഷ FC യ്ക്ക് ജയം.

## വാർത്തകൾ വിശദമായി

**തമിഴ്നാട് ദിണ്ടിഗലിൽ സ്വകാര്യ ആശുപത്രിയിൽ വൻ തീപിടിത്തം. ദുരന്തത്തിൽ ഏഴു പേർ മരിച്ചു. ഇന്നലെ രാത്രി ഒമ്പതരയോടെയാണ് അപകടമുണ്ടായത്.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.**

**...(വോയ്സ്).....**

**മരിച്ചവരിൽ മൂന്നു വയസുകാരനും മൂന്നു സ്ത്രീകളും ഉൾപ്പെടുന്നു. അപകടത്തിൽ പൊള്ളലേറ്റ മൂന്നുപേരുടെ നില ഗുരുതരമാണ്. 28 പേർക്കാണ് പൊള്ളലേറ്റത്. ഇവർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ലിഫ്റ്റിൽ കുടുങ്ങിയ ആറ് രോഗികളെ ഏറെ നേരത്തെ ശ്രമത്തിനൊടുവിൽ പുറത്തെത്തിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. 100 ലധികം രോഗികൾക്ക് കിടത്തി ചികിത്സക്ക് സൗകര്യമുള്ള ആശുപത്രിയിലാണ് സംഭവം. തീപിടിത്തമുണ്ടായപ്പോൾ നിരവധി പേരാണ് ആശുപത്രിയിലുണ്ടായിരുന്നത്. ആശുപത്രിയിലുണ്ടായിരുന്ന രോഗികളെ രാത്രി വൈകി മറ്റു ആശുപത്രികളിലേക്ക് മാറ്റി.**

**രാത്രി 11.30ഓടെ ആശുപത്രിയിൽ കുടുങ്ങിയ എല്ലാ രോഗികളെയും പുറത്തെത്തിച്ചെന്ന് ജില്ലാ പൊലീസ് മേധാവി മാധ്യമങ്ങളോട് പറഞ്ഞു. ഷോർട്ട് സർക്യൂട്ടാണ് തീപടരാനുണ്ടായ കാരണമെന്നാണ് പ്രാഥമിക നിഗമനം.**

✪✪✪

**പാലക്കാട് പനയംമ്പാടത്ത് ലോറി ദേഹത്തേക്ക് മറിഞ്ഞ് മരിച്ച നാല് വിദ്യാർത്ഥിനികളുടെയും ഖബറടക്കം ഇന്ന് നടക്കും.കരിമ്പ ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനികളായ നിദ ഫാത്തിമ,ഇർഫാന ഷെറിൻ,റിദ ഫാത്തിമ, ഐെഷ എന്നിവരാണ് ഇന്നലെ വൈകീട്ടുണ്ടായ അപകടത്തിൽ മരിച്ചത്.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് .......**

**.....(വോയ്സ്)......**

✪✪✪

**കല്ലടിക്കോട് നാല് വിദ്യാർത്ഥിനികൾ മരിച്ച സംഭവത്തിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ അനുശോചിച്ചു. കുട്ടികളുടെ ദാരുണമായ മരണവാർത്ത അറിഞ്ഞപ്പോൾ ഞെട്ടലും ദുഖവും ഉണ്ടായെന്നും നികത്താനാവാത്ത ഈ നഷ്ടം മറികടക്കാൻ ദൈവം മാതാപിതാക്കൾക്ക് ശക്തി നൽകട്ടെ എന്നും ഗവർണ്ണർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.**

✪✪✪

ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചു പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നാരംഭിക്കും. ഇന്നും നാളെയുമായി നടക്കുന്ന രണ്ടു ദിവസത്തെ ചർച്ചയ്ക്ക് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തുടക്കം കുറിയ്ക്കും.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്).....

നാളെ വൈകിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചയ്ക്ക് മറുപടി നൽകും. HD കുമാരസ്വാമി, ശ്രീകാന്ത് ഷിൻഡെ, ശാംഭവി ചൗധരി, രാജ്കുമാർ സാംഗ്വാൻ, ജിതൻ റാം മാഞ്ചി, അനുപ്രിയ പട്ടേൽ, രാജീവ് രഞ്ജൻ സിംഗ് എന്നിവരുൾപ്പെടെ ഭരണകക്ഷിയായ ദേശീയ ജനാധിപത്യ സഖ്യത്തിലെ നേതാക്കളും അംഗങ്ങളും ചർച്ചയിൽ സംസാരിക്കും.

ഡിഎംകെ നേതാക്കളായ ടിആർ ബാലു, എ രാജ, തൃണമൂൽ കോൺഗ്രസ് എംപിമാരായ കല്യാണ് ബാനർജി, മോഹുവ മൊയ്ത്ര എന്നിവർ ചർച്ചയിൽ പങ്കെടുത്തേക്കും. ബിജെപിയും കോൺഗ്രസും സഭയിൽ അംഗങ്ങളുടെ സാന്നിധ്യം ഉറപ്പാക്കാൻ 'മൂന്ന് വരി വിപ്പ്' പുറപ്പെടുവിച്ചു.

ഡിസംബർ 13-14 തീയതികളിൽ ഭരണഘടന അംഗീകരിച്ച് 75 വർഷം തികയുന്നതിനെക്കുറിച്ച് സഭ പ്രവർത്തിക്കണമെന്നും ചർച്ച നടത്തണമെന്നും പ്രതിപക്ഷം ആഗ്രഹിക്കുന്നതായി ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

✪✪✪

ദുരന്ത നിവാരണ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും പ്രവർത്തനം ശക്തിപ്പെടുത്താൻ 2005 ലെ ദുരന്ത നിവാരണ നിയമം ഭേദഗതി ചെയ്താണ് ബിൽ കൊണ്ടു വന്നത്.

ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിക്കും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്കും പകരം ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ദുരന്ത പദ്ധതി തയ്യാറാക്കാൻ NDMA യ്ക്കും SDMA യ്ക്കും ബിൽ അധികാരം നൽകുന്നു. സംസ്ഥാന തലസ്ഥാനങ്ങൾക്കും മുനിസിപ്പൽ കോർപ്പറേഷൻ, നഗരങ്ങൾക്കുമായി പ്രത്യേക നഗര ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കാനും ബിൽ സംസ്ഥാന ഗവൺമെന്റിന് അധികാരം നൽകുന്നുണ്ട്.

✪✪✪

UAE ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സാങ്കേതികവിദ്യ, ഊർജം, ജനങ്ങൾ തമ്മിലെ ബന്ധം തുടങ്ങിയ മേഖലകളിൽ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്തു.

പശ്ചിമേഷ്യയിലെ ദീർഘകാല സമാധാനത്തിനും സ്ഥിരതയ്ക്കും സുരക്ഷയ്ക്കും പിന്തുണ നൽകുന്നതിൽ ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി ആവർത്തിച്ചു.

അതേസമയം, 15-ാമത് ഇന്ത്യ-UAE സംയുക്ത കമ്മീഷൻ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. വിദേശകാര്യമന്ത്രി ഡോ.എസ് ജയശങ്കറിന്റെയും യുഎഇ വിദേശകാര്യമന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെയും സംയുക്ത അധ്യക്ഷതയിലാണ് യോഗം.

ഇന്നലെ ന്യൂഡൽഹിയിൽ നടന്ന നാലാമത് ഇന്ത്യ-യുഎഇ സ്ട്രാറ്റജിക് ഡയലോഗിന് ഇരു നേതാക്കളും നേതൃത്വം നൽകി.

✪✪✪

ലോക ചെസ് ചാമ്പ്യൻഷിപ്പ് നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനായി മാറിയതിന് രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദൊമ്മരാജു ഗുകേഷിനെ അഭിനന്ദിച്ചു. വിജയം ചെസ്സ് പവർഹൗസ് എന്ന നിലയിൽ ഇന്ത്യയുടെ അധികാരത്തെയാണ് കാണിക്കുന്നതെന്ന് രാഷ്ട്രപതി സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു.

ഈ അസാധാരണ നേട്ടം ചെസ് ലോകത്തെ നാഴികക്കല്ലാണെന്നും ഇന്ത്യയ്ക്ക് അഭിമാനത്തിന്റെ നിമിഷമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

D ഗുകേഷിന്റെ സമാനതകളില്ലാത്ത കഴിവിന്റെയും കഠിനാധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ഫലമാണ് ഈ ചരിത്ര നേട്ടമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

സിംഗപ്പൂരിൽ നടന്ന FIDE ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ 14-ാമത്തെയും അവസാനത്തെയും മത്സരത്തിൽ നിലവിലെ ചാമ്പ്യനായ ചൈനയുടെ ഡിംഗ് ലിറനെ തോൽപ്പിച്ചാണ് 18-ാമത് ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ദൊമ്മരാജു ഗുകേഷ് ചരിത്രമെഴുതിയത്. ഇതോടെ ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ ചെസ്സ് ചാമ്പ്യനായി ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ. 55-ാം നീക്കത്തിൽ ഡിംഗിന് സംഭവിച്ച പിഴവാണ് അദ്ദേഹത്തിന് മത്സരവും കിരീടവും നഷ്ടപ്പെടുത്തിയത്.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് ഇന്ന് തിരിതെളിയും. വൈകിട്ട് ആറിന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നടി ശബാന ആസ്മി വിശിഷ്ടാതിഥിയാകും.

ഹോങ്കോങ് സംവിധായിക ആൻ ഹുയിക്ക് 10 ലക്ഷം രൂപയും ശിൽപ്പവുമടങ്ങുന്ന ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം മുഖ്യമന്ത്രി സമ്മാനിക്കും.

ആദ്യ ദിനമായ ഇന്ന് 10 ശ്രദ്ധേയ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഉദ്ഘാടന ചിത്രമായ വാൾട്ടർ സാൽസിന്റെ 'ഐ ആം സ്റ്റിൽ ഹിയറി' ന്റെ പ്രദർശനം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടന ചടങ്ങിനു ശേഷം നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രജു കോലിയക്കോട്.

....(വോയ്സ്).....

✪✪✪

വടക്കൻ കേരളത്തിൽ ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലോക്സഭയിൽ ഉന്നയിച്ച ഷാഫി പറമ്പിൽ, നിർമാണത്തിലെ കാലതാമസം ജനങ്ങൾക്ക് വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന് പറഞ്ഞു. പലയിടങ്ങളിലും അടിപ്പാതകളും മേൽപ്പാതകളും വേണമെന്നും അദ്ദേഹം ആവശ്യമുന്നയിച്ചു. തിക്കോടിയിലെ ജനങ്ങൾ ഒരു വർഷത്തോളമായി അടിപ്പാതയ്ക്കായി സമരത്തിലാണെന്നും ഷാഫി പറമ്പിൽ പറഞ്ഞു. ഇക്കാര്യത്തിൽ ഉന്നതതല യോഗം വിളിച്ചു ചേർക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രദേശത്തെ ജനങ്ങൾക്കുണ്ടാവുന്ന പ്രയാസങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് ഗതാഗതമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. പ്രശ്നങ്ങൾ പരിശോധിക്കുമെന്നും ക്രിയാത്മകമായ നടപടി സ്വീകരിക്കുമെന്നും ഗഡ്കരി അറിയിച്ചു.

✪✪✪

സുതാര്യതയിലും ജനസമ്പർക്കത്തിലും വിവര വിനിമയത്തിലും കേരളം വളരെ മുന്നിലാണെന്നും വിവരാവകാശ ഹർജികൾ തീർപ്പാക്കുന്നതിൽ സംസ്ഥാനം മാതൃകയാണെന്നും ഇന്ത്യൻ മുഖ്യ വിവരാവകാശ കമ്മിഷണർ ഹീരലാൽ സമരിയ പറഞ്ഞു. ദേശീയ വിവരാവകാശ പുരസ്കാരം സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. A.A ഹക്കീമിന് ന്യൂഡൽഹിയിൽ സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡോ. ഹക്കീമിന്റെ വിധികൾ ആർടിഐ നിയമത്തെ കൂടുതൽ സമ്പന്നമാക്കിയിട്ടുണ്ടെന്നും ഹീരലാൽ സമരിയ പറഞ്ഞു.

✪✪✪

പ്രസിദ്ധമായ ആലപ്പുഴ ചക്കുളത്തുകാവ് ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല ഉത്സവം ഇന്ന്. രാവിലെ 9-ന് കേന്ദ്രമന്ത്രി സുരേഷ് ഗോപിയും ഭാര്യ രാധികയും ചേർന്ന് പൊങ്കാല ഉദ്ഘാടനം നിർവഹിക്കും. പൊങ്കാലയുടെ ഭാഗമായി തിരുവല്ല , കുട്ടനാട് , ചെങ്ങന്നൂർ , മാവേലിക്കര അമ്പലപ്പുഴ , പ്രദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട് പരീക്ഷകൾക്ക് മാറ്റമില്ല.

✪✪✪

കണ്ണൂർ ചെറുതാഴം കോക്കാട് ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രം പെരുങ്കളിയാട്ട മഹോത്സവത്തിന്റെ ഭാഗമായി ഇന്ന് നടക്കുന്ന സാംസ്കാരിക സമ്മേളനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. പെരുങ്കളിയാട്ടം നാളെ സമാപിക്കും.

✪✪✪

ISL ഫുട്ബോളിൽ ഒഡീഷ FC ക്ക് ജയം. കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ FC യെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ഒഡീഷ തോൽപ്പിച്ചത്.

ഇന്ന് ജംഷഡ്പൂർ FC പഞ്ചാബ് FC യെ നേരിടും. ജംഷഡ്പൂരിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

'ബേപ്പൂർ വാട്ടർ ഫെസ്റ്റ് നാലാം സീസണിന്റെ ഭാഗമായി കോഴിക്കോട് ബീച്ചിൽ നടക്കുന്ന മത്സരങ്ങൾക്ക് ഇന്ന് തുടക്കമാവും. വൈകിട്ട് ഫ്ളഡ് ലിറ്റ് കബഡി മത്സരത്തിൽ നാലു വീതം പുരുഷ, വനിതാ കബഡി ടീമുകൾ ഏറ്റുമുട്ടും.

✪✪✪

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസം വേഗത്തിൽ നടപ്പാക്കുമെന്നും ആശങ്ക വേണ്ടെന്നും മന്ത്രി MB രാജേഷ് പറഞ്ഞു. വയനാട് ജില്ല ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കുടുബശ്രീ മിഷൻ തയ്യാറാക്കിയ മൈക്രോ പ്ലാനിന്റെ പ്രവർത്തനം മേപ്പാടി MSA ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ദുരന്തബാധിതരുടെ ഉപജീവനത്തിനായി ആവശ്യങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായി തയ്യാറാക്കിയ മൈക്രോ പ്ളാൻ അതിജീവനത്തിന്റെ സുപ്രധാന മുന്നേറ്റമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

വിദ്യാർത്ഥികളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാകാൻ സജ്ജമാക്കുന്ന പ്രായോഗിക വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് സംസ്ഥാനം പിന്തുടരുന്നതെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. തൊഴിൽ അഭിരുചിയും നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനായി എക്സ്പീരിയൻഷ്യൽ ലേണിംഗ് പദ്ധതി നടപ്പാക്കിലാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ ഓപ്പൺ എയർ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കേരളം മൂന്നു മാസത്തിനുള്ളിൽ അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി മാറുമെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു നന്മണ്ട ഗ്രാമപഞ്ചായത്ത് ആയോളി- ചേറാങ്കരത്താഴം- കുളിപ്പൊയിൽ റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪